തീം സോങ് ഉദ്ഘാടനം

ചാല

ചട്ടമ്പിസ്വാമി 100–ാം ജന്മശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ചട്ടമ്പിസ്വാമി സാംസ്കാരിക സമിതി നടത്തുന്ന ഒരു വർഷം നീളുന്ന പരിപാടികൾക്കായി അവതരിപ്പിക്കുന്നതിനുള്ള തീം സോങ് അണിയറയിൽ ഒരുങ്ങുന്നു. കെ ജയകുമാർ രചിച്ച് ടി എസ് രാധാകൃഷ്ണജി സംഗീതം നൽകി പിന്നണി ഗായകർ രവി ശങ്കർ, രഞ്ജിനി സുധീരൻ, ശ്രീഭദ്ര, പ്രാർഥന എന്നിവർ ആലപിച്ച ഗാനത്തിന്റെ റെക്കോഡിങ് തിരുവനന്തപുരം ബെൻസൺ സ്റ്റുഡിയോയിൽ നടന്നു. റെക്കോഡിങ് മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്തു. മണക്കാട് രാമചന്ദ്രൻ, മുക്കംപാലമൂട് രാധാകൃഷ്ണൻ, വിജയകുമാർ, ശാസ്തമംഗലം ഗോപകുമാർ, ഗോപാലകൃഷ്ണൻ, വിനയൻ, സുനീഷ് എന്നിവർ പങ്കെടുത്തു.

ആശാവർക്കർ ഒഴിവ്

കോവളം

കോട്ടുകാൽ പഞ്ചായത്തിലെ 16 വാർഡിലെ ആശാവർക്കറുടെ ഒഴിവുണ്ട്. അപേക്ഷകർ പത്താം ക്ലാസ് ജയിച്ച, വിവാഹിതരും 25 നും 45 നും ഇടയിൽ പ്രായമുള്ളവരും വിവേചന രഹിതമായി പെരുമാറാൻ കഴിവുള്ളവരും ആയിരിക്കണം. വാർഡിലെ അപേക്ഷകർക്ക് മുൻഗണന.

അവസാന തിയതി 19. യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി 22ന് പകൽ 11ന് എഫ്എച്ച്സിയിൽ എത്തണം. ഫോൺ: 8136947301,9745335610.

അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം

കേരള യൂണിവേഴ്സിറ്റി കാര്യവട്ടം ക്യാമ്പസിലെ വനിതാ ഹോസ്റ്റലിലേക്ക് റസിഡന്റ് കുക്ക് (കരാർ), കിച്ചൻ ഹെൽപ്പേഴ്സ് (ദിവസവേതനം), കാഷ്വൽ ലേബേഴ്സ് തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. അവസാന തീയതി: 20. പാചകരംഗത്ത് മുൻപരിചയം ഉള്ളവർക്ക് മുൻഗണന. അവസാന തീയതി: 31. വിലാസം: വാർഡൻ, വനിതാ ഹോസ്റ്റൽ, കേരള സർവകലാശാല, കാര്യവട്ടം ക്യാമ്പസ് 695581. ഫോൺ: 6238349186.

ശുചീകരിച്ചു

വഞ്ചിയൂർ

സിപിഐ എമ്മിന്റെ നേതൃത്വത്തിൽ ചാക്ക വാർഡ് ശുചീകരിച്ചു. സിപിഐ എം വഞ്ചിയൂർ ഏരിയ കമ്മിറ്റി അംഗം കെ ശ്രീകുമാർ നേതൃത്വം നൽകി. ലോക്കൽ സെക്രട്ടറി കെ കൃഷ്ണകുമാർ, പി എസ് സുധീഷ്, എം ശാന്ത തുടങ്ങിയവർ പങ്കെടുത്തു.

ബൈക്ക് മോഷ്ടാക്കൾ പിടിയിൽ

നെയ്യാറ്റിൻകര

ബൈക്ക് മോഷ്ടിച്ച് വിൽക്കാൻ ശ്രമിച്ച രണ്ടുപേർ പിടിയിൽ. കോട്ടുകാൽ അടിമലത്തുറ സ്വദേശി റോക്കി ബിനോജ് (19), കരുംകുളം പുല്ലുവിള പി പി വിളാകം സ്വദേശി ജിയോഫർ (18) എന്നിവരെയാണ് കാഞ്ഞിരംകുളം പൊലീസ് അറസ്റ്റു ചെയ്തത്.

സിബിഎസ്ഇ പ്ലസ്ടു പരീക്ഷയിൽ നൂറുശതമാനം വിജയം നേടിയ കഴക്കൂട്ടം ജ്യോതിസ് സെൻട്രൽ സ്കൂളിലെ വിദ്യാർഥികൾ അധ്യാപകർക്കൊപ്പം

ത്രീഡി തിയറ്ററും ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റും തുറന്നു

വിതുര

പൊന്മുടിയിലെ പുതിയ ത്രീഡി തിയറ്റർ, കല്ലാറിലെ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് എന്നിവ മന്ത്രി എ കെ ശശീന്ദ്രൻ ഓൺലൈനായി ഉദ്ഘാടനംചെയ്തു.

വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ജനങ്ങളോടുള്ള ഇടപെടൽ സുതാര്യമാക്കുന്നതിനുമുള്ള പ്രവർത്തനം ശക്തമാക്കുമെന്ന് മന്ത്രി പറഞ്ഞു. ജി സ്റ്റീഫൻ എംഎൽഎ അധ്യക്ഷനായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ ജി കോമളം, എസ് ഇന്ദുലേഖ, പഞ്ചായത്ത് പ്രസിഡന്റ് വി എസ് ബാബുരാജ്, ജില്ലാ പഞ്ചായത്തംഗങ്ങളായ എമിനി, സോഫി തോമസ്, പത്മശ്രീ ലക്ഷ്മിക്കുട്ടി അമ്മ, വനംവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സംസാരിച്ചു.

പൊന്മുടി ഇക്കോ ടൂറിസം പ്രവേശന കവാടത്തിലെ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റിന്റെ ഉദ്ഘാടന ചടങ്ങിൽ ജി സ്റ്റീഫൻ എംഎൽഎ ദീപം തെളിക്കുന്നു

വിതുര പൊന്മുടി റോഡിൽ കല്ലാർ ഗോൾഡൻവാലി ഭാഗത്താണ് ആധുനിക ചെക്ക്പോസ്റ്റ്. ദിവസവും നൂറുകണക്കിന് വാഹനങ്ങളെത്തുന്ന ഇവിടെ ചെക്ക്പോസ്റ്റിന്റെ പരിമിതിയാൽ വാഹനപരിശോധന ശ്രമകരമായിരുന്നു. എന്നാൽ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് തുറന്നതോടെ വാഹന പരിശോധന കൂടുതൽ സുഗമമാകും. സഞ്ചാരികൾക്ക് വനവിഭവങ്ങൾ ലഭ്യമാക്കുന്ന ഇക്കോഷോപ്പ്, ഇൻഫർമേഷൻ സെന്റർ, ജീവനക്കാർക്കുള്ള താമസസൗകര്യം, ശുചിമുറികൾ എന്നിവ സജ്ജമാക്കി. നബാർഡിൽനിന്നും 73,74,000 രൂപ ചെലവഴിച്ചാണ് നിർമാണം.

പൊന്മുടി ഇക്കോ ടൂറിസത്തിലെത്തുന്ന സഞ്ചാരികൾക്ക് ഇനി ത്രീഡി ദൃശ്യനുഭവവും ആസ്വദിക്കാം. ഒരേ സമയം 40 പേർക്ക് ഇരിക്കാനുള്ള സൗകര്യമുണ്ട്. പൂർണമായും ശീതീകരിച്ച തിയറ്ററിൽ 4കെ പ്രൊജക്ടർ, ഹൈ ക്വാളിറ്റി സൗണ്ട് സിസ്റ്റം, ആക്റ്റീവ് ത്രീഡി കണ്ണടകൾ എന്നിവയും ഒരുക്കിയിട്ടുണ്ട്. ഇവ ഉപയോഗിച്ചു ത്രീഡി പ്രദർശനം സഞ്ചാരികൾക്ക് വേറിട്ട അനുഭവമാകും. ഇരുപതുലക്ഷം രൂപ ചെലവിലാണ് നിർമാണം.

സിബിഎസ്ഇ

തിളങ്ങുന്നു ബിനുവിന്റെയും സുഹൃത്തുക്കളുടെയും വിജയം

കഴക്കൂട്ടം

കഴക്കൂട്ടം സൈനിക സ്കൂളിലെ എല്ലാ വിദ്യാർഥികളും ഉന്നത വിജയം നേടിയെങ്കിലും ബിനുരാജും സുഹൃത്തുക്കളായ നാലുപേരും നേടിയത് അതിരില്ലാവിജയമാണ്. പ്രോജക്ട് ഷൈൻ പദ്ധതിയിലൂടെ അട്ടപ്പാടിയിൽ നിന്നെത്തിയ ടി വിഘ്നേഷ് പത്താംക്ലാസ് പരീക്ഷയിൽ 64 ശതമാനം മാർക്കോടെയാണ് വിജയിച്ചത്. പന്ത്രണ്ടാം ക്ലാസിൽ 19 പേർ 90 ശതമാനത്തിലേറെ മാർക്ക് നേടി. അട്ടപ്പാടിയിൽ നിന്നെത്തിയ ബിനുരാജ് 70 ശതമാനം മാർക്കോടെ മിന്നിത്തിളങ്ങി. സുഹൃത്തുക്കളായ അനീഷ് 64 ശതമാനവും ആർ വിഷ്ണു 60 ശതമാനവും എം മിഥുൻ 59 ശതമാനവും നേടി.

489 മാർക്കുമായി മാധവ് മേനോൻ പത്താം ക്ലാസിലും 482 മാർക്കുമായി മാനവ് പന്ത്രണ്ടാം ക്ലാസിലും ഒന്നാമതെത്തി. പത്താം ക്ലാസ് പരീക്ഷ എഴുതിയ 102 വിദ്യാർഥികളിൽ 29 പേർ 90 ശതമാനത്തിലേറെ മാർക്ക് നേടി.

വ്യാജ നഗ്നദൃശ്യങ്ങൾ പ്രചരിപ്പിക്കുമെന്ന് ഭീഷണി; ഒരാൾ അറസ്റ്റിൽ

കോവളം

പെൺകുട്ടിയുടെ വ്യാജ നഗ്നദൃശ്യങ്ങൾ പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തിയ കേസിൽ ഒരാൾ അറസ്റ്റിൽ. നെയ്യാറ്റിൻകര കടവട്ടാരം പാതിരിശ്ശേരി മേലേതാഴംകോട് പുത്തൻവീട്ടിൽ രാഹുലി (19)നെയാണ് പൂവാർ പൊലീസ് അറസ്റ്റു ചെയ്തത്.

ഇയാൾ പെൺകുട്ടിയുമായി സൗഹൃദത്തിലാകുകയും ഫോട്ടോയെടുത്ത് വ്യാജദൃശ്യങ്ങളാക്കി പ്രചരിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തിയെന്നാണ് പരാതി. പെൺകുട്ടിയുടെ പിതാവിനെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. തുടർന്നാണ് വീട്ടുകാർ പരാതിപ്പെട്ടത്. പൂവാർ സി ഐ എസ് ബി പ്രവീൺ, എസ് ഐ തിങ്കൾ ഗോപകുമാർ, എഎസ്ഐ ഷാജിമോൻ എന്നിവർ ചേർന്നാണ് അറസ്റ്റു ചെയ്തത്.

രാഹുൽ

പതിമൂന്നുകാരിയെ പീഡിപ്പിച്ചയാൾക്ക് 7 വർഷം തടവും പിഴയും

തിരുവനന്തപുരം

പതിമൂന്നുകാരിയെ പീഡിപ്പിച്ചയാൾക്ക് ഏഴുവർഷം കഠിനതടവും 50,000 രൂപ പിഴയും. പാങ്ങോട് ഭരതന്നൂർ ഷൈനിഭവനിൽ ഷിബിൻ (32)നെയാണ് ജഡ്ജി ആജ് സുദർശൻ ശിക്ഷിച്ചത്. പിഴയടച്ചില്ലെങ്കിൽ ആറു മാസം അധിക തടവുണ്ട്. പിഴ തുക കുട്ടിക്ക് നൽകണം.

2018 മാർച്ച് 26നാണ് സംഭവം. കുട്ടിയുടെ വീടിനടുത്ത് കിണർ കുഴിക്കാനെത്തിയ പ്രതി വെള്ളം ആവശ്യപ്പെട്ട് കുട്ടിയുടെ വീട്ടിൽ പല തവണയെത്തി. വീട്ടിൽ ആരുമില്ലാത്ത സമയത്ത് അടുക്കള വാതിൽ വഴി കയറി കുട്ടിയെ ഉപദ്രവിച്ചു. ഭയന്നുപോയ കുട്ടി വീട്ടിൽ പറഞ്ഞില്ല. രണ്ടുവർഷം കഴിഞ്ഞ് ഡോക്ടറെ കണ്ടപ്പോഴാണ് പുറത്തുപറഞ്ഞത്. തുടർന്ന് പാലോട് പൊലീസ് കേസെടുത്തു. പാലോട് സിഐ സി കെ മനോജായിരുന്നു കേസന്വേഷിച്ചത്. പ്രോസിക്യൂഷനുവേണ്ടി ആർ എസ് വിജയമോഹൻ, എം മുബിന, ആർ വൈ അഖിലേഷ് എന്നിവർ ഹാജരായി.

മുൻ അധ്യാപകരെ അനുസ്മരിച്ചു

തിരുവനന്തപുരം

സംസ്കൃത കോളേജ് മുൻ പ്രിൻസിപ്പൽ പ്രൊഫ. ഒ വിശ്വനാഥൻ ആചാരി, കാലടി സംസ്കൃത സർവകലാശാല മുൻ ഡീൻ ഡോ. എൻ ഗോപാലപണിക്കർ എന്നിവരെ അനുസ്മരിച്ചു. കോളേജ് അലുമ്നി അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തിയ ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. കെ ഡി ശോഭ അധ്യക്ഷയായി. കോളേജിലെ മുൻ അധ്യാപകൻ പ്രൊഫ. പി കെ മാധവൻ നായർ, ഡോ. കെ മഹേശ്വരൻ നായർ, ഡോ. മുരളീധരൻ നായർ, ഡോ. വിജയകൃഷ്ണൻ, ഡോ. പി രാജൻ, ഡോ. എൽ സുലോചനാദേവി തുടങ്ങിയവർ പങ്കെടുത്തു.

ബാലസംഘം മേഖലാ സമ്മേളനം

നേമം

ബാലസംഘം പാപ്പനംകോട് മേഖലാ സമ്മേളനം ജില്ലാ പ്രസിഡന്റ് ഭാഗ്യാ മുരളി ഉദ്ഘാടനം ചെയ്തു. അനാമിക അധ്യക്ഷയായി. ഏരിയ സെക്രട്ടറി ശ്രീരംഗ്, കൺവീനർ ടി ഗോപകുമാർ, കോഓർഡിനേറ്റർ എസ് പി അനൂജ്, സിപിഐ എം ലോക്കൽ സെക്രട്ടറി കെ പ്രസാദ് എന്നിവർ സംസാരിച്ചു. ഭാരവാഹികൾ: ദക്ഷ (പ്രസിഡന്റ്), ആദിത്യൻ (സെക്രട്ടറി), അശോകൻ (കൺവീനർ), സതികുമാർ (കോഓർഡിനേറ്റർ). വിപിൻ വിജയൻ (അക്കാദമിക് കൺവീനർ), ശ്രീകണ്ഠേശ്വരൻ (നവമാധ്യമ സമിതി കൺവീനർ).

മാതൃദിനാഘോഷം

തിരുവനന്തപുരം

മാതൃദിനാഘോഷവുമായി ഹയാത്ത് റീജൻസി. ഞായറാഴ്ച പകൽ 12.30 മുതൽ മൂന്നു വരെ ബുക്ക് ചെയ്ത് ഹോട്ടലിലെത്തി പാചകം ചെയ്യാം. പാചകം ചെയ്യാനുദ്ദേശിക്കുന്ന വിഭവത്തിന്റെ വിവരങ്ങളും ബുക്ക് ചെയ്യുമ്പോൾ ഫോൺ: 6238600446.

ബാലരാമപുരത്ത് അടിപ്പാതക്കെതിരെ ജനകീയ വികസന കർമസമിതിയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധറാലി

കരമന- കളിയിക്കാവിള ദേശീയപാത വികസനം

ബാലരാമപുരത്ത് അടിപ്പാതക്കെതിരെ പ്രതിഷേധം ശക്തം

- വിവിധ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ പ്രതിഷേധറാലിയും യോഗവും സംഘടിപ്പിച്ചു

നേമം

ബാലരാമപുരത്ത് അടിപ്പാതക്കെതിരെ വിവിധ ജാതി മത വ്യാപാര സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ ജനകീയ വികസന കർമസമിതിയുടെ നേതൃത്വത്തിൽ റാലിയും ജനകീയ പ്രതിഷേധ സംഗമവും നടന്നു. വ്യാപാരി വ്യവസായി ഏകോപനസമിതി ജില്ലാ പ്രസിഡന്റ് പെരിങ്ങമ്മല രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ജനകീയവികസന കർമസമിതി ചെയർമാൻ ഇ എം ബഷീർ അധ്യക്ഷനായി. വ്യാപാരി വ്യവസായി സമിതി ജില്ലാ സെക്രട്ടറി എം ബാബുജാൻ മുഖ്യപ്രഭാഷണം നടത്തി.

ബാലരാമപുരം ജങ്ഷനിൽ ബഹുജനസംഘടനകളുടെ പ്രതിഷേധ റാലിയും നടന്നു. നേതാക്കളായ പി എസ് നാരായണൻ നായർ, സുപ്രിയ സുരേന്ദ്രൻ, അജയകുമാർ, തിരവിയം, ജയരാജ്, വിരതാകരൻ, എൻ ഹരിഹരൻ, മോഹനൻ, സി ബി ജിനൻ, മനോഹരൻ, എസ് കെ രാജു, ബാലരാമപുരം അൽഫോൺസ്, ജ്യോതിഷ് തുടങ്ങിയവർ സംസാരിച്ചു.

മെഡിക്കൽ ക്യാമ്പ്

തിരുവനന്തപുരം

ആരോഗ്യകേരളം തിരുവനന്തപുരം, പത്രപ്രവർത്തക യൂണിയൻ ജില്ലാ കമ്മിറ്റിയുമായി സഹകരിച്ച് മാധ്യമപ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കുമായി മെഡിക്കൽ ക്യാമ്പ് നടത്തി. സിറ്റി പൊലീസ് കമീഷണർ സി എച്ച് നാഗരാജു ചകിലം, ഡോ. ആശ വിജയൻ, അനുപമ ജി നായർ, കെ പി റെജി, എബി ടോണി, എസ് കെ മുഹമ്മദ് കാസിം, എ രാജ, മഹേഷ് ബാബു എന്നിവർ പങ്കെടുത്തു. ഡോ. ജി ആർ മണികണ്ഠൻ, ഡോ. മിനു ജോസഫ്, ഡോ. രൂപ പ്രസാദ്, ഡോ. കെ കെ അരുണിമ എന്നിവർ നേതൃത്വം നൽകി.

മെഡിക്കൽ ക്യാമ്പ് സന്ദർശിച്ച സിറ്റി പൊലീസ് കമീഷണർ നാഗരാജു ചകിലം രക്തസമ്മർദം പരിശോധിച്ചപ്പോൾ

മുൻ അധ്യാപകരെ അനുസ്മരിച്ചു

തിരുവനന്തപുരം

സംസ്കൃത കോളേജ് മുൻ പ്രിൻസിപ്പൽ പ്രൊഫ. ഒ വിശ്വനാഥൻ ആചാരി, കാലടി സംസ്കൃത സർവകലാശാല മുൻ ഡീൻ ഡോ. എൻ ഗോപാലപണിക്കർ എന്നിവരെ അനുസ്മരിച്ചു. കോളേജ് അലുമ്നി അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തിയ ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. കെ ഡി ശോഭ അധ്യക്ഷയായി. കോളേജിലെ മുൻ അധ്യാപകൻ പ്രൊഫ. പി കെ മാധവൻ നായർ, ഡോ. കെ മഹേശ്വരൻ നായർ, ഡോ. മുരളീധരൻ നായർ, ഡോ. വിജയകൃഷ്ണൻ, ഡോ. പി രാജൻ, ഡോ. എൽ സുലോചനാദേവി തുടങ്ങിയവർ പങ്കെടുത്തു.

ബാലസംഘം മേഖലാ സമ്മേളനം

നേമം

ബാലസംഘം പാപ്പനംകോട് മേഖലാ സമ്മേളനം ജില്ലാ പ്രസിഡന്റ് ഭാഗ്യാ മുരളി ഉദ്ഘാടനം ചെയ്തു. അനാമിക അധ്യക്ഷയായി. ഏരിയ സെക്രട്ടറി ശ്രീരംഗ്, കൺവീനർ ടി ഗോപകുമാർ, കോഓർഡിനേറ്റർ എസ് പി അനൂജ്, സിപിഐ എം ലോക്കൽ സെക്രട്ടറി കെ പ്രസാദ് എന്നിവർ സംസാരിച്ചു. ഭാരവാഹികൾ: ദക്ഷ (പ്രസിഡന്റ്), ആദിത്യൻ (സെക്രട്ടറി), അശോകൻ (കൺവീനർ), സതികുമാർ (കോഓർഡിനേറ്റർ). വിപിൻ വിജയൻ (അക്കാദമിക് കൺവീനർ), ശ്രീകണ്ഠേശ്വരൻ (നവമാധ്യമ സമിതി കൺവീനർ).

മാതൃദിനാഘോഷം

തിരുവനന്തപുരം

മാതൃദിനാഘോഷവുമായി ഹയാത്ത് റീജൻസി. ഞായറാഴ്ച പകൽ 12.30 മുതൽ മൂന്നു വരെ ബുക്ക് ചെയ്ത് ഹോട്ടലിലെത്തി പാചകം ചെയ്യാം. പാചകം ചെയ്യാനുദ്ദേശിക്കുന്ന വിഭവത്തിന്റെ വിവരങ്ങളും ബുക്ക് ചെയ്യുമ്പോൾ ഫോൺ: 6238600446.

എൽഡിഎഫ് വാഹന പ്രചാരണ ജാഥയുടെ സ്വീകരണം ഏറ്റുവാങ്ങി ജാഥാ ക്യാപ്റ്റൻ പി എസ് ഹരികുമാർ സംസാരിക്കുന്നു

എൽഡിഎഫ് വാഹന പ്രചാരണ ജാഥ

കോവളം

എൽഡിഎഫ് സർക്കാരിന്റെ വികസനപ്രവർത്തനങ്ങളെ സംബന്ധിച്ച് ജനങ്ങളുമായി സംവദിക്കുന്നതിനായി കോവളം മണ്ഡലത്തിൽ നടന്ന എൽഡിഎഫ് വാഹന പ്രചാരണ ജാഥയ്ക്ക് ആവേശപൂർണമായ സ്വീകരണം. ജാഥാ സമാപനം ജനതാദൾ ദേശീയ നിർവാഹക സമിതി അംഗം ജമീലാ പ്രകാശം ഉദ്ഘാടനംചെയ്തു. എൽഡിഎഫ് പൂവാർ മേഖലാ കൺവീനർ എം എൻ ഹമീദ് അധ്യക്ഷനായി. സിപിഐ എം പൂവാർ ലോക്കൽ സെക്രട്ടറി ബി ടി ബോബൻ കുമാർ, ശിജിത്ത് ശിവസ്, ജിസ്റ്റി എന്നിവർ സംസാരിച്ചു. സിപിഐ എം കോവളം ഏരിയ സെക്രട്ടറി പി എസ് ഹരികുമാർ ക്യാപ്റ്റനും കാഞ്ഞിരംകുളം ഗോപാല കൃഷ്ണൻ വൈസ് ക്യാപ്റ്റനും തെന്നൂർക്കോണം ബാബു ജാഥാ മാനേജരുമായ ജാഥയാണ് പര്യടനം നടത്തിയത്.

10 വർഷത്തെ വീൽച്ചെയർ ജീവിതത്തിന് വിരാമം

തിരുവനന്തപുരം

എഴുപത്തെട്ടുകാരിയുടെ 10 വർഷത്തെ വീൽച്ചെയർ ജീവിതത്തിന് വിരാമമിട്ട് തിരുവനന്തപുരം കിംസ് ആശുപത്രി. ഓസ്റ്റിയോ ആർത്രൈറ്റിസ് ബാധിച്ചതിനെത്തുടർന്ന് 10 വർഷത്തോളം വീൽച്ചെയറിലായിരുന്ന വയോധികയ്ക്ക് മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയാണ് കിംസ്ഹെൽത്ത് ഓർത്തോപീഡിക്സ് ആൻഡ് ട്രോമ വിഭാഗം വിജയം നേടിയത്. ആർത്രോപ്ലാസ്റ്റി സർജൻ മുഹമ്മദ് നസീറിന്റെ നേതൃത്വത്തിലാണ് തിരുവനന്തപുരം സ്വദേശിനിയിൽ ഒരേ ശസ്ത്രക്രിയയിൽ ഇരുകാൽമുട്ടും മാറ്റിസ്ഥാപിച്ച് ചലനശേഷി വീണ്ടെടുത്തത്.

അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റിന് തുടക്കമായി

തിരുവനന്തപുരം

മാധ്യമ, വിനോദ വ്യവസായ രംഗത്തെ വിദഗ്ധരും ഉദ്യോഗാർഥികളും പങ്കെടുക്കുന്ന അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റിന് തുടക്കമായി. ടൂൺസ് അനിമേഷൻ സ്റ്റുഡിയോസിന്റെ ഫ്ലാഗ്ഷിപ് ഇവന്റായ പരിപാടിയുടെ ഉദ്ഘാടനം ശ്യാമപ്രസാദ് നിർവഹിച്ചു. 'റീ ഇമാജിനിങ് എന്റർടെൻമെന്റ്: നൗ ആൻഡ് ബിയോണ്ട്' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള സമ്മിറ്റിൽ ഫ്രെയിംസ്റ്റോർ ഇന്ത്യ എംഡി അഖൗരി പി സിൻഹ, സംവിധായകൻ ഡാമിയൻ പെരേയ, ദർപൻ മേത്ത, ഡോ. മിലിന്ദ് ദാംലെ എന്നിവർ പങ്കെടുത്തു.

ടൂൺസിന്റെ സ്ഥാപകരിലൊരാളും അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റിന് പിന്നിലെ ശിൽപ്പിയുമായ ബിൽ ഡെന്നിസിന് മരണാനന്തര ബഹുമതിയായി 'ലെജൻഡ് ഓഫ് ദി ഇന്ത്യൻ ആനിമേഷൻ' പുരസ്കാരം നൽകി ആദരിച്ചു.

അനിമേഷൻ മാസ്റ്റേഴ്സ് സമ്മിറ്റിന്റെ ഉദ്ഘാടനം ശ്യാമപ്രസാദ് നിർവഹിക്കുന്നു

സംസ്ഥാന സബ് ജൂനിയർ ബാസ്കറ്റ്ബോൾ: തിരുവനന്തപുരം സെമിയിൽ

തിരുവനന്തപുരം

മാർ ഗ്രിഗോറിയോസ് സ്കൂൾ ഇൻഡോർ ഫ്ലഡ് ലൈറ്റ് ബാസ്കറ്റ്ബോൾ കോർട്ടിൽ നടക്കുന്ന സംസ്ഥാന സബ്ജൂനിയർ ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ആതിഥേയരായ തിരുവനന്തപുരം, നിലവിലെ ചാമ്പ്യന്മാരായ കോഴിക്കോട്, കൊല്ലം, ആലപ്പുഴ ടീമുകൾ സെമി ഫൈനലിൽ കടന്നു. ആദ്യ ഗേൾസ് ക്വാർട്ടർ ഫൈനലിൽ കോഴിക്കോട് കണ്ണൂരിനെ (44–24) തോൽപ്പിച്ചു. ഗേൾസ് മൂന്നാം ക്വാർട്ടർ ഫൈനലിൽ തിരുവനന്തപുരം എറണാകുളത്തെ (31–30) തോൽപ്പിച്ചു. കോഴിക്കോട് തൃശൂരിനെ (29–20) പരാജയപ്പെടുത്തിയ കൊല്ലത്തെ നേരിടും. തിരുവനന്തപുരം കോട്ടയത്തെ (50–10) പരാജയപ്പെടുത്തിയ ആലപ്പുഴയെ നേരിടും. ആൺകുട്ടികളുടെ ക്വാർട്ടർ ഫൈനലിൽ തൃശൂർ കോട്ടയത്തെയും എറണാകുളം പത്തനംതിട്ടയെയും കോഴിക്കോട് ആലപ്പുഴയെയും മലപ്പുറം തിരുവനന്തപുരത്തെയും നേരിടും.

ഇ കെ നായനാർ ചാരിറ്റബിൾ ട്രസ്റ്റിന് സംഭാവന നൽകി

വെഞ്ഞാറമൂട്

വിവാഹവേദിയിൽ ഇ കെ നായനാർ ചാരിറ്റബിൾ ട്രസ്റ്റിന് സംഭാവന നൽകി. സിപിഐ എം വാമനപുരം എൽസി അംഗം വാമനപുരം വാത്സല്യത്തിൽ വി എസ് അശോകിന്റെയും വിദ്യയുടെയും മകനായ അഡ്വ. ഋഷികേശവിന്റെയും അഡ്വ. അനുശ്രീയുടെയും വിവാഹവേദിയിലാണ് ഇ കെ നായനാർ ചാരിറ്റബിൾ ട്രസ്റ്റിനുള്ള സംഭാവന നൽകിയത്. സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി ഏറ്റുവാങ്ങി.

ക്ലീൻ ക്യാമ്പസ് ക്യാമ്പയിനുമായി എൻജിഒ യൂണിയൻ

തിരുവനന്തപുരം

എൻജിഒ യൂണിയൻ വജ്രജൂബിലി സമ്മേളന ഭാഗമായി ക്ലീൻ ക്യാമ്പസ് ക്യാമ്പയിൻ വളന്റിയർമാർക്കുള്ള പരിശീലന പരിപാടി നടത്തി. കോർപറേഷൻ നികുതി അപ്പീൽകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പാളയം രാജൻ ഉദ്ഘാടനം ചെയ്തു. ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടർ ജി കെ സുരേഷ് കുമാർ ക്ലാസെടുത്തു. യൂണിയൻ സംസ്ഥാന ട്രഷറർ എൻ നിമൽരാജ്, എസ് സജീവ്കുമാർ, കെ എ ബിജുരാജ്, ഒ കെ ബിനിൽ തുടങ്ങിയവർ സംസാരിച്ചു. 500 വളന്റിയർമാരെ പങ്കെടുപ്പിച്ച് 18ന് കോവളം ബീച്ച് ശുചീകരിക്കാനും തീരുമാനിച്ചു.

ചാനൽ സിനിമ

ഏഷ്യാനെറ്റ്
9.00 ഭീഷ്മപർവം
3.00 ദൃശ്യം 2
10.30 ലളിതം സുന്ദരം

ഏഷ്യാനെറ്റ് പ്ലസ്
9.00 പൈപ്പിൻചുവട്ടിലെ പ്രണയം
12.30 ഓം ശാന്തി ഓശാന
3.00 ലേഡീസ് & ജന്റിൽമെൻ
11.00 ചില നൂറുജൻ നാട്ടുവിശേഷങ്ങൾ

ഏഷ്യാനെറ്റ് മൂവീസ്
7.00 രസതന്ത്രം
10.00 ഷെർലക് ടോംസ്
1.00 കുബേരൻ
4.00 കാവൽ
7.00 സീതാരാമം
10.30 ഫോറൻസിക്

സൂര്യ
8.30 ഓർഡിനറി
2.30 ഷെഫീക്കിന്റെ സന്തോഷം

സൂര്യ മൂവീസ്
7.00 രാധാമാധവം
10.00 രക്ഷ
1.00 ബെൻ
4.00 കുരുക്ഷേത്ര
7.00 പട്ടാഭിഷേകം
10.00 പാലേരിമാണിക്യം

ക്ഷേത്രത്തിൽ മോഷണം നടത്തിയയാൾ പിടിയിൽ

കോവളം

ക്ഷേത്രത്തിൽ നിന്ന് വാളും ശൂലവും മോഷ്ടിച്ചയാൾ അറസ്റ്റിൽ. അരുമാനൂർ കൊല്ലപഴിഞ്ഞി ബൈജു ഭവനിൽ ജ്യോതിഷിനെ (34) യാണ് പൂവാർ പൊലീസ് അറസ്റ്റ് ചെയ്തത്. അരുമാനൂരിലുള്ള പഞ്ചമി ക്ഷേത്രത്തിലാണ് മോഷണം നടത്തിയത്. ക്ഷേത്രത്തിന്റെ മുൻവാതിൽ പൊളിച്ചാണ് ഇയാൾ ഉള്ളിൽ കടന്നത്. സിഐ എസ് ബി പ്രവീൺ, എസ് ഐ തിങ്കൾ ഗോപകുമാർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു അറസ്റ്റ്.

ജ്യോതിഷ്

ഇന്നത്തെ പരിപാടി

ട്രിവാൻഡ്രം ക്ലബ്: ഓൾ കേരള കെമിസ്റ്റ്സ് ആൻഡ് ഡ്രഗിസ്റ്റ് അസോസിയേഷൻ സുവർണ ജൂബിലിയാഘോഷം. ഉദ്ഘാടനം മന്ത്രി വീണാ ജോർജ്. പകൽ 11ന്

ശ്രീസ്വാതി തിരുനാൾ സംഗീത കോളേജ്: മ്യൂസിക് കാർണിവൽ സരിഗമ ഗാല 2023. ഉദ്ഘാടനം മന്ത്രി ആന്റണി രാജു. രാവിലെ 10.30ന്

ശ്രീചിത്രാ ഹോം ഓഡിറ്റോറിയം: ശ്രീചിത്രാഹോം എക്സ് ഇൻമേറ്റ്സ് അസോസിയേഷൻ വാർഷികാഘോഷം. ഉദ്ഘാടനം മന്ത്രി ആന്റണി രാജു. പകൽ 11ന്

**സെന്റ് ജോസഫ്സ് സ്കൂൾ ഓ